**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് കുഴൽമന്ദം സി.എച്ച്.സി. യെ തെരഞ്ഞെടുത്തതിനു ശേഷം, സെന്റർ മാറ്റാൻ തീരുമാനമെടുത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഐസൊലേഷൻ വാർഡുകൾ നിർമ്മി ക്കാൻ ഉൾപ്പെടുത്തിയ 140 ആശുപത്രി കളിൽ ആലത്തൂർ മണ്ഡലത്തിലെ സി.എച്ച്.സി കുഴൽമന്ദം ആണ് പരിഗണിച്ചിരുന്നത്. എന്നാൽ 10 കിടക്കകളും 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവും പ്രി എൻജിനീയറിങ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുമുള്ള ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് ടി സൈറ്റ് അനുയോജ്യമല്ലാത്തതിനാൽ multipurpose building - ആയുള്ള നിർമ്മാണ ത്തിന് ടി മണ്ഡലത്തിലെ തന്നെ മറ്റൊരു ആരോഗ്യകേന്ദ്രം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | അതിനു പകരമായി ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് ഏതെങ്കിലും ആരോഗ്യ കേന്ദ്രത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം അറിയിക്കാമോ? | (ബി) | ഇല്ല. പ്രസ്തുത മണ്ഡലത്തിലെ FHC കുന്നിശ്ശേരി ആരോഗ്യകേന്ദ്രത്തിൽ വിവിധ സൗകര്യങ്ങൾ ഉള്ള ഒരു multi purpose building നിർമ്മിക്കാൻ സൗകര്യമുള്ള തിനാൽ ടി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. പ്രസ്തുത സ്ഥലം multi purpose building നിർമ്മിക്കാൻ അനുയോജ്യമാണോ എന്നുള്ളത് സംബന്ധിച്ച് കെ.എം,.എസ്.സി.എൽ-ന്റെ പരിശോധനാ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ